പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 3228

16.12.2015 ൽ മറുപടിയ്ക്ക്

## കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം (ഇ.റ്റി.സി) ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; അതുമായി ബന്ധപ്പെട്ട ഫയലുകളുടെ കോപ്പി ലഭ്യമാക്കുമോ; | എ) കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കും എന്ന ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഫയലിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത പദ്ധതി ഒരു ഉദ്യോഗസ്ഥന്റെ വസ്തുതാ വിരുദ്ധമായ നോട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാതിരിക്കാനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) പ്രസ്തുത ട്രെയിനിംഗ് സെന്റർ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്